മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യു കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline)
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നമ്പർ: NREGA/893/2023/A3 തീയതി : 12-08-2025

## <u>ടെണ്ടർ പരസ്യം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ ഔദ്യോഗിക ആവശ്യത്തിനായി ഹോണ്ട സിറ്റി / ഇന്നോവ ക്രിസ്റ്റ വാഹനം (ഡ്രൈവർ ഉൾപ്പെടെ), ഒരു വർഷക്കാലയളവിലേക്ക് (പൂർണ്ണ സമയം) വാടകയ്ക്ക് നൽകാൻ തയ്യാറുള്ളതും, ടാക്സി രജിസ്ട്രേഷനും ജി.എസ്.ടി രജിസ്ട്രേഷനും ഉള്ളതുമായ വാഹന ഉടമകളിൽ/ഏജൻസികളിൽ/സേവന ദാതാക്കളിൽ നിന്നും സീൽ ചെയ്ത ദർഘാസ് (നിർദ്ദിഷ്ട ഫോമിൽ) 5,000/- രൂപയുടെ ഇ.എം.ഡി. സഹിതം ക്ഷണിക്കുന്നു.

ദർഘാസുകൾ 20.08.2025 തീയതി ഉച്ചയ്ക്ക് 3 മണി വരെ സ്വീകരിക്കുന്നതും, അന്നേദിവസം വൈകുന്നേരം 4 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമാണ്. ഏതെങ്കിലും സാഹചര്യത്തിൽ 20.08.2025 തീയതി പൊതുഅവധി ആകുന്നപക്ഷം അടുത്ത പ്രവൃത്തി ദിവസം ഉച്ചയ്ക്ക് 3 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതും ടി ദിവസം വൈകുന്നേരം 4 മണിക്ക് തുറന്ന് പരിശോധിക്കുന്നതുമാണ്.

ദർഘാസ് സംബന്ധിച്ച നിബന്ധനകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. ദർഘാസ് വിശദാംശങ്ങളും ഫോറവും സംസ്ഥാന മിഷന്റെ വെബ് സൈറ്റിൽ (http://nregs.kerala.gov.in) ലഭിക്കുന്നതാണ്.

**<u>ദർഘാസ് ലഭിക്കേണ്ട വിലാസം:</u>**

മിഷൻ ഡയറക്ടർ
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ,
മൂന്നാം നില, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ്, വികാസ്ഭവൻ.പി.ഒ.,
തിരുവനന്തപുരം, പിൻ - 695033.
ഫോൺ: 0471-2313385, ടോൾ ഫ്രീ നം. 1800 425 1004

**Signed by Ranjith Dharmalingam
Date: 12-08-2025 16:58:29**

MISSION DIRECTOR

**<u>നിബന്ധനകൾ</u>**

1. ദർഘാസുകൾ സമർപ്പിയ്ക്കുന്ന കവറിന്റെ പുറത്ത് മുകൾ ഭാഗത്തായി "മഹാത്മാ ഗാന്ധി NREGS, സംസ്ഥാന മിഷൻ ഡയറക്ടറുടെ ഓഫീസ്, വാഹന ദർഘാസ് പരസ്യ തീയതി ................" എന്ന് രേഖപ്പെടുത്തേണ്ടതാണ്.
2. ഏതെങ്കിലും ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും, സംസ്ഥാന മിഷൻ ഡയറക്ടറുടെ പേരില് എടുത്ത 5,000/- രൂപയുടെ EMD യുള്ള Demand draft-ഉം ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. EMD ഒഴിവാക്കുന്നതിനു അനുമതി ലഭ്യമായിട്ടുള്ളവർ ഒഴിവാക്കാൻ അനുമതി ഉള്ളത് സംബന്ധിച്ച വ്യക്തമായ രേഖകൾ/ ഉത്തരവുകൾ എന്നിവ ഉൾപ്പെടുത്തണം. അല്ലാത്ത പക്ഷം ആയത് നിരസിക്കുന്നതാണ്.
3. തൃപ്തികരമല്ലാത്ത സേവനത്തിനാൽ ഈ ഓഫീസിൽ നിന്നും സേവനം അവസാനിപ്പിച്ചിട്ടുള്ളവരും ഏതെങ്കിലും സർക്കാർ ഏജൻസികൾ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവരും ദർഘാസ് സമർപ്പിക്കാൻ യോഗ്യരല്ല.
4. കരാർ പ്രകാരം ലഭ്യമാക്കുന്ന വാഹനത്തിന്റെ മോഡൽ, ക്വോട്ട് ചെയ്യുന്ന നിരക്ക് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉയർന്ന സുരക്ഷിതത്വവും സൌകര്യങ്ങളും പഴക്ക കുറവുമുള്ളതുമായ വാഹനത്തിന് മുൻഗണന നൽകുന്നതാണ്. ഹോണ്ട സിറ്റി / ഇന്നോവ ക്രിസ്റ്റ വാഹനങ്ങൾക്ക് ഉള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തെണ്ടതാണ്.
5. തുക ക്വോട്ട് ചെയ്യുമ്പോൾ ഇൻകം ടാക്സ് ജി.എസ്.റ്റി തുടങ്ങി എല്ലാ ഇനം നികുതികളും ചെലവുകളും ചേർത്തുള്ള തുക ക്വാട്ട് ചെയ്യേണ്ടതാണ്. ജി.എസ്.ടി, ഇൻകം ടാക്സ് എന്നിവ സ്രോതസ്സിൽ നിന്നും ഈടാക്കി ഒടുക്കുന്നതായിരിക്കും.
6. ദർഘാസ് നൽകുന്ന ആളുടെ/ഏജൻസിയുടെ ഉടമസ്ഥതയിലുള്ളതും, സാധുവായ രജിസ്ട്രേഷൻ, ടാക്സി രജിസ്ട്രേഷൻ ഉള്ളതും ആയ വാഹനം ആയിരിക്കണം. ഡ്രൈവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. കരാറുകാരന് പാൻ കാർഡ്, ബാങ്ക് അക്കൌണ്ട് എന്നിവ ഉണ്ടായിരിക്കേണ്ടതും, സംസ്ഥാന മിഷൻ നിശ്ചയിക്കുന്ന വിധത്തിൽ ബാങ്ക് വഴി പേയ്മെന്റ് ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതുമാണ്.
7. ലഭ്യമാക്കുന്ന വാഹനം 2020-നോ അതിന് ശേഷമോ രജിസ്റ്റർ ചെയ്തവയും 100000 ൽ കുറവ് കി.മീറ്റർ ഓടിയതും മികച്ച പ്രവർത്തനക്ഷമതയുള്ളതുമായിരിക്കണം.
8. ദർഘാസ് ലഭിക്കുന്ന ആൾ ഇൻഷ്വറൻസ്, പൊല്യൂഷൻ സംബന്ധമായ എല്ലാ രേഖകളും ഉൾപ്പെടെ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
9. ദർഘാസ് പരസ്യത്തിൽ ഇല്ലാത്ത നിബന്ധനകളോടെ നൽകുന്നതായ ദർഘാസുകൾ പരിഗണിക്കുന്നതല്ല.
10. കരാർ ഉറപ്പിച്ചുകൊണ്ടുള്ള അറിയിപ്പ് ലഭിച്ച് നിശ്ചയിക്കപ്പെട്ട തീയതികളിൽ സ്വന്തം ചെലവിൽ കരാർ വയ്ക്കേണ്ടതും, അല്ലാത്തപക്ഷം അടുത്തയാൾക്ക് കരാർ നൽകുന്നതും തുടർന്നുള്ള ദർഘാസുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതുമാണ്.
11. കരാർ കാലാവധി ഒരു വർഷമായിരിക്കും. കരാർ കാലയളവിൽ ഒരു കാരണവശാലും പരസ്പരധാരണയിലുള്ള കരാർ തുക വർദ്ധിപ്പിച്ച് നൽകുന്നതല്ല. തുടർന്നും വാഹനം ആവശ്യമായി വരുന്നപക്ഷം പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ കരാർ പുതുക്കാവുന്നതാണ്.
12. കരാർ അംഗീകരിയ്ക്കുന്ന തുകയുടെ 10 ശതമാനം തുക, മിഷൻ ഡയറക്ടറുടെ പേരിൽ മാറാവുന്ന ചെക്ക്/ഡ്രാഫ്റ്റായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കരാറിൽ ഏർപ്പെടുന്ന തീയതിയ്ക്ക്

മുമ്പായി സമർപ്പിക്കേണ്ടതാണ്. കാലാവധി കഴിയുന്ന മുറയ്ക്ക് ടി തുക പലിശരഹിതമായി തിരികെ ലഭ്യമാക്കുന്നതും, മിഷന് നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ മുൻകൂർ അനുമതിയില്ലാതെ തന്നെ ടി തുകയിൽ നിന്ന് നഷ്ടം നികത്തുന്നതുമാണ്.

13. ഒരു മാസം ആകെ ഓടുന്ന ദൂരം, കരാറിൽ നിശ്ചയിക്കുന്ന പ്രതിമാസ ദൂരത്തിലും അധികരിക്കുന്നപക്ഷം, ടി അധിക ദൂരം മൂന്ന് മാസ കാലയളവിൽ ക്രമപ്പെടുത്താവുന്നതാണ്. മൂന്ന് മാസങ്ങളിൽ ഓടുന്ന ദൂരം ഒരു സ്ലാബ് ആയി പരിഗണിച്ചായിരിക്കും അധിക ദൂരം ക്രമപ്പെടുത്തുന്നത്. ക്രമപ്പെടുത്തിയ ശേഷമുള്ള അധിക ദൂരത്തിന് മാത്രമേ തുക അനുവദിയ്ക്കുകയുള്ളൂ.
14. രാവിലെ 8 മണിയ്ക്ക് മുൻപും വൈകിട്ട് 8 മണിയ്ക്ക് ശേഷവുമുള്ള സേവനത്തിന് സർക്കാർ അംഗീകൃത ബത്ത നൽകുന്നതാണ്.
15. വാഹനത്തിന്റെ നികുതികൾ, വാഹനത്തിന്റെയും യാത്രക്കാരുടെയും അപകട ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ, ഇന്ധനം, റിപ്പയറിംഗ് ചെലവുകൾ, മറ്റ് അനുബന്ധച്ചെലവുകൾ മുതലായവയും വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.
16. വാഹനം ഓഫീസിൽ നിന്ന് അനുമതി കൂടാതെയും കൃത്യമായി ലോഗ് രേഖപ്പെടുത്താതെയും കൊണ്ടുപോകാൻ പാടുള്ളതല്ല. ഓട്ടം കഴിഞ്ഞാലുടൻ ഓരോ ലോഗും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ലോഗ് ബുക്ക് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.
17. ഡ്രൈവറുടെ ലൈസൻസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ഡ്രൈവർമാർ മാറുന്ന ഇടവേളകളിൽ ഉൾപ്പെടെ എല്ലാ അവസരങ്ങളിലും മുൻകൂട്ടി നൽകേണ്ടതാണ്.
18. ഡ്രൈവർമാർ മികച്ച പെരുമാറ്റം ഉള്ളവരും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരല്ലെന്നും വാഹന ഉടമ ഉറപ്പ് വരുത്തേണ്ടതുമാണ്.
19. വാഹനം ബ്രേക്ക് ഡൌൺ ആകുന്ന പക്ഷം അടിയന്തരമായി പകരം വാഹനം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പകരം വാഹനം കണ്ടെത്തുന്നതിന് മിഷന് അവകാശമുണ്ടായിരിക്കുന്നതും അതിലൂടെയുണ്ടാകുന്ന അധിക ചെലവ് വാഹന ഉടമയുടെ ബാധ്യതയായിരിക്കുന്നതുമാണ്.
20. ഒരു വർഷ കരാർ കാലയളവിൽ വാഹനം പൂർണ്ണ സമയത്തേക്ക് മിഷന് ലഭ്യമാക്കേണ്ടതാണ്. ടി വാഹനം ടി കാലയളവിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
21. വാഹനം ദൈനംദിനം വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി വാഹനം ഒഴിവാക്കി മറ്റ് വാഹനം ഉപയോഗിയ്ക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക നഷ്ടം വാഹന ഉടമയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതുമാണ്
22. കരാർ കാലയളവിൽ സംസ്ഥാന മിഷൻ ആവശ്യപ്പെടുന്ന ഗുണനിലവാരവും, ഗതാഗത വകുപ്പ്, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള എല്ലാ നിയമങ്ങളും പാലിച്ച് വാഹന ദാതാക്കൾ പ്രവർത്തിക്കേണ്ടതും, നികുതികളും മറ്റ് അടവുകളും ഒടുക്കുന്നതും, ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസും കുറഞ്ഞത് 5 വർഷം പ്രവൃത്തി പരിചയവുമുള്ള ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കേണ്ടതും, വാഹനത്തിനും ഡ്രൈവർക്കും യാത്രക്കാർക്കും ഉണ്ടാകുന്ന അപകടങ്ങൾ, കേടുപാടുകൾ എന്നിവയ്ക്ക് വാഹന പരിരക്ഷയും ലൈഫ് ഇൻഷ്വറൻസ് പരിരക്ഷയും ഉടമസ്ഥന്റെ സ്വന്തം ചെലവിൽ എടുക്കുന്ന വാഹന ഇൻഷ്വറൻസുകളിലൂടെ വഹിക്കേണ്ടതുമാണ്.
23. ദർഘാസ് സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള എല്ലാ നിബന്ധനകളും ഉത്തരവുകളും ഈ ദർഘാസിനും ബാധകമായിരിക്കും.
24. എല്ലാ ദർഘാസ് അനുബന്ധ രേഖകളും കരാറിന്റെ ഭാഗമായിരിക്കുന്നതാണ്.
25. ദർഘാസിനോടൊപ്പം വാഹനത്തിന്റെ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്.

26. ഏതെങ്കിലും സാഹചര്യത്തിൽ വാഹനം മാറ്റുന്നപക്ഷം പുതിയ വാഹനത്തിന്റെ എല്ലാ രേഖകളും ഓഫീസിൽ ഹാജരാക്കേണ്ടതും ഇപ്രകാരം നൽകുന്ന വാഹനങ്ങൾ ദർഘാസ് പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചായിരിക്കേണ്ടതുമാണ്.
27. ഏതെങ്കിലും കാരണവശാൽ കാലയളവിന് മുമ്പ് കരാർ അവസാനിപ്പിക്കുന്ന പക്ഷം വാഹന ഉടമ/ഏജൻസി/സേവന ദാതാവ് ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കാലാവധിയുടെ ആനുപാതികമായ തുക വാടകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.
28. ദർഘാസ് നിബന്ധനകൾ ലംഘിക്കുന്നപക്ഷവും അല്ലാതെയും മുൻകൂർ നോട്ടീസ് ഇല്ലാതെ തന്നെ കരാർ അവസാനിപ്പിക്കുന്നതിന് മിഷൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

MISSION DIRECTOR

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സംസ്ഥാന മിഷൻ ഓഫീസ്**

**വാടകയ്ക്ക് വാഹനം ലഭ്യമാക്കുന്നതിനുള്ള ദർഘാസ് ഫാറം**

(ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.)

| | | |
|---|---|---|
| 1 | ദർഘാസ് നൽകുന്ന വാഹന ഉടമസ്ഥന്റെ/ ഏജൻസിയുടെ പേര്, പൂർണ്ണമായ മേൽവിലാസം (പിൻകോട് ഉൾപ്പെടെ) | |
| 2 | ഫോൺ നമ്പർ,<br>ഇ-മെയിൽ | |
| 3 | ലഭ്യമാക്കുന്ന വാഹനത്തിന്റെ പേര്, നമ്പർ, മറ്റ് വിവരങ്ങൾ | |
| 4 | വാഹനത്തിന്റെ രജിസ്ട്രേഷൻ മാസവും, വർഷവും<br>(രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പകർപ്പ് വയ്ക്കുക) | |
| 5 | EMD-യുടെ demand draft no.,<br>ബാങ്ക്, തുക | |
| 6 | ലഭ്യമാക്കുന്ന വാഹനം ദർഘാസ് തീയതി വരെ ഓടിയ കി.മീറ്റർ | |
| 7 | വാഹന ഉടമസ്ഥന്റെ മേൽവിലാസം തെളിയിക്കുന്നതിനായുള്ള രേഖകൾ (ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് രേഖകളുടെ പകർപ്പ് | |

| | | |
|---|---|---|
| | സഹിതം) | |
| 8 | വാഹന ദാതാവിന്റെ PAN<br>(PAN കാർഡിന്റെ പകർപ്പ് സഹിതം) | |
| 9 | വാഹനം ഒരു മാസത്തേയ്ക്ക് 2000 കി.മീറ്റർ ഓടുന്നതിന് ആവശ്യപ്പെടുന്ന മാസ നിരക്ക് (നികുതി ഉൾപ്പെടെ) | Innova Crysta ...........<br>Honda City .......... |
| 10 | നിശ്ചിത ദൂരത്തിന് അധികമായി വാഹനം ഓടുന്ന ഓരോ കി.മീറ്ററിനും ആവശ്യപ്പെടുന്ന നിരക്ക് | Rs.................... |
| 11 | ഡ്രൈവറുടെ ലൈസൻസ് നമ്പർ<br>(പകർപ്പ് സഹിതം) | |
| 12 | അധിക സമയത്തിനുള്ള ഡ്രൈവർ ബത്ത | Rs..................../മണിക്കൂർ |

വാഹനം ഓടുന്നതിനും പ്രസിദ്ധീകരിക്കപ്പെട്ട എല്ലാ നിബന്ധനകളും സമ്മതമാണെന്നും, ഇത് ഞാൻ തന്നെ രേഖപ്പെടുത്തി ഒപ്പ് വച്ചിട്ടുള്ളതാണെന്നും, ഇവ കരാറിന്റെ ഭാഗമാക്കുന്നതിന് സമ്മതമാണെന്നും പ്രസ്താവിക്കുന്നു.

ഒപ്പ് :

പേര് :

മേൽവിലാസം :